**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്**

(ഒരു കേരള സർക്കാർ പൊതുമേഖല സ്ഥാപനം)

ഹൈടെക് ബുൾ മദർ ഫാം
കോലാഹലമേട്,
ഇടുക്കി-685501
ഫോൺ : 9446004286, 9446004284


നമ്പർ : HTF/KDE/15/2014 തീയതി : 12-08-2022

## ലേലപരസ്യം

കേരള കന്നുകാലി വികസന ബോർഡിന്റെ കോലാഹലമേട് ഫാമിൽ നിന്നും ഉദ്ദേശം 31 ഉരുക്കൾ 15/09/2022 ൽ പരസ്യലേലത്തിൽ / ക്വട്ടേഷൻ വ്യവസ്ഥയിൽ വില്ക്കുന്നതാണ്.

| സ്ഥലം | സീൽഡ് ക്വട്ടേഷൻ വാങ്ങുന്ന ഉദ്യോഗസ്ഥൻ | ഉരുക്കളുടെ എണ്ണം | സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയം | ലേലം തുടങ്ങുന്ന തീയതിയും സമയവും |
|---|---|---|---|---|
| കെ.എൽ.ഡി. ബോർഡ് കോലാഹലമേട് | മാനേജർ (എഫ്. ഡി.) കെ.എൽ.ഡി. ബോർഡ് കോലാഹലമേട് | 13 പശുക്കൾ 18 കന്നുകുട്ടികൾ | 15-09-2022 രാവിലെ 10.30 മണിവരെ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 1000 രൂപ അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്തിരിക്കണം | 15-09-2022 രാവിലെ 11 മണി മുതൽ |

## വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കുചേരുവാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യമായി 1000 രൂപ പണമായോ, ഡിമാന്റ് ഡ്രാഫ്റ്റായോ 15-09-2022 രാവിലെ 10.30 മണിക്ക് മുൻപായി ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്. മേൽപറഞ്ഞ ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസംവരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും തുടർന്ന് ലേലം നടത്തുന്നതുമാണ്.
2. ഡി. ഡി. വാങ്ങുന്നത് Special Officer കെ. എൽ. ഡി. ബോർഡ്, കോലാഹലമേട് എന്ന പേരിൽ, SBI ശാഖകളിൽ നിന്നും മാറത്തക്കവിധം ആയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഓരോ പശുവിനും പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ 1000 രൂപ നിരതദ്രവ്യം അടച്ചതിന്റെ രസീത് അടക്കം ചെയ്തിരിക്കണം. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഏത് പശുവിനാണോ ക്വാട്ട് ചെയ്യുന്നത് ആ പശുവിന്റെ നമ്പറും ക്വാട്ട് ചെയ്യുന്ന വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കവറിനുപുറത്ത് പശുവിന്റെ നമ്പർ, ക്വാട്ട് ചെയ്യുന്ന ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കാത്തവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ നിരതദ്രവ്യം നിശ്ചിത സമയത്തിനുള്ളിൽ അടച്ചിരിക്കണം. യാതൊരു കാരണവശാലും നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. സീൽഡ് ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഓരോ പശുവിന്റെയും കൂടിയ തുകയോ പശുക്കളെ പരസ്യമായി ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയോ ഏതാണ് കൂടിയത് എന്ന് നോക്കി ലേലം ഉറപ്പിക്കുന്നതാണ്.
4. ന്യായമായ വില കിട്ടാത്ത പശുക്കളുടെ ലേലം സ്ഥിരപ്പെടുത്താതിരിക്കാനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലതുകയുടെ മൂന്നിലൊന്ന് അഡ്വാൻസായി അപ്പോൾ തന്നെ ഓഫീസിൽ അടക്കേണ്ടതാണ്.
6. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടച്ച വ്യക്തികൾക്കോ അവർ നിർദ്ദേശിക്കുന്ന വ്യക്തിക്കോ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നിരതദ്രവ്യം അടച്ചതിന്റെ രസീത് ലേലത്തിനുമുൻപ് ലേലത്തിൽ പങ്കുകൊള്ളുന്നവർ ഹാജരാക്കേണ്ടതാണ്.
7. ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ 3 പ്രവൃത്തി ദിവസത്തിനുള്ളിൽ (22-09-2022 വൈകുന്നേരം 5 മണി) പണം മുഴുവൻ അടച്ച് പശുക്കളെ കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം ടി ഉരുവിന്റെ ദൈനംദിന ചിലവുകൾക്കായി പ്രതിദിനം 200 രൂപ ക്രമത്തിൽ, നിരതദ്രവ്യം/ലേലത്തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.
8. പത്തുദിവസം കഴിഞ്ഞിട്ടും ഉരുക്കളെ കൊണ്ടുപോകാത്ത സാഹചര്യത്തിൽ, പശുക്കളുടെ മുൻകൂർ അടച്ച ലേലത്തുക കെ.എൽ.ഡി. ബോർഡിലേക്ക് കണ്ടുകെട്ടുന്നതും, അത്തരം പശുക്കളുടെ മേൽ ലേലം കൊണ്ടയാൾക്ക് യാതൊരു അവകാശവും പിന്നീട് ഉണ്ടായിരിക്കുന്നതുമല്ല
9. പശുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൽസമയത്ത് ഫാം രേഖകൾ അടിസ്ഥാനമാക്കിയുള്ളതാണ്. ലേലശേഷം ലേലക്കാരന്റെ ഉദ്ദേശ്യങ്ങൾക്കോ, പരിതസ്ഥിതി മാറ്റങ്ങൾക്കോ വിധേയമായി ഉണ്ടായേക്കാവുന്ന ഒരു ന്യൂനതയ്ക്കും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല. ഒരിക്കൽ വിറ്റ ഉരുവിനെ യാതൊരു കാരണവശാലും ബോർഡിലേക്ക് തിരികെ എടുക്കുന്നതല്ല.
10. ഉരുക്കളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ കെ.എൽ.ഡി. ബോർഡ് കോലാഹലമേട് ഡപ്യൂട്ടി മാനേജർ (എ.എച്ച്.)-നെ സമീപിക്കേണ്ടതാണ്. പശുക്കളുടെ ശാരീരികാവസ്ഥയും മറ്റു ഗുണങ്ങളും ലേലക്കാർ നേരിട്ടോ വിദഗ്ദരുടെ സഹായം മൂലമോ സ്വയം ബോധ്യപ്പെടേണ്ടതാണ്. 2022 സെപ്റ്റംബർ മാസം 13, 14 തീയതികളിൽ ലേലക്കാർക്ക് പശുക്കളെ കണ്ട് ബോധ്യപ്പെടാവുന്നതാണ്.

ഒപ്പ്
മാനേജർ (എഫ്. ഡി.)

mercyoffset 9495254960